**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6566** **11-07-2024 - ൽ മറുപടിയ്ക്ക്**

**രാജപുരം-ബളാൽ റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ മുൻപ് പൊതുമരാമത്ത് വകുപ്പിന്റേതായിരുന്ന രാജപുരം-ബളാൽ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ ബളാൽ - രാജപുരം റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് വേണ്ടി കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ 19.01.2024 -ലെ അടിയന്തര യോഗത്തിലെ 2/1 നമ്പർ തീരുമാന പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും കാസർഗോഡ് നിരത്ത് വിഭാഗം കാര്യാലയത്തിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും ആയത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുള്ളതുമാണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ ഉള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല. |
| (ബി) | പ്രസ്തുത വിഷയത്തിൽ ജില്ലാ പഞ്ചായത്ത് അനുകൂല നിലപാടുകൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ ബളാൽ - രാജപുരം റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് വേണ്ടി കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ 19.01.2024 -ലെ അടിയന്തര യോഗത്തിലെ 2/1 നമ്പർ തീരുമാന പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും കാസർഗോഡ് നിരത്ത് വിഭാഗം കാര്യാലയത്തിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും ആയത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുള്ളതുമാണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ ഉള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ